**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 03.06.2015-ലെ യോഗ നടപടിക്കുറിപ്പ്**

യോഗം ഉച്ചയ്ക്ക് 2.15-ന് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.
2. **പൊതുവിഷയങ്ങൾ**

**2.1** 2015-16 സാമ്പത്തിക വർഷ പദ്ധതിയിൽ 590തദ്ദേശഭരണസ്ഥാപനങ്ങൾ ആകെ 4416.71 കോടി രൂപയുടെ പ്രോജക്ടുകൾക്ക് ഡി.പി.സി.യുടെ അംഗീകാരം നേടിയതായി യോഗം നിരീക്ഷിച്ചു. ഇതിൽ 508ഗ്രാമപഞ്ചായത്തുകൾ 3203.90 കോടി രൂപയുടെ പ്രോജക്ടുകൾക്കും, 69 ബ്ലോക്ക് പഞ്ചായത്തുകൾ 721.95കോടി രൂപയുടെയും, 2 ജില്ലാ പഞ്ചായത്ത് 296.76 കോടി രൂപയുടെയും, 11 മുനിസിപ്പാലിറ്റികൾ 264.07 കോടി രൂപയുടെയും പ്രോജക്ടുകൾക്കാണ് അംഗീകാരം നേടിയത്.

**2.2** 27.05.2015-ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി കാലാവധിയായ 2016-17 വരെ പദ്ധതികൾ ഏറ്റെടുക്കാൻ അനുവാദം നൽകിയിരുന്നു. 2015-16-ൽ ഏറ്റെടുത്ത പ്രോജക്ടുകൾ പൂർത്തിയാക്കാൻ കഴിയാത്ത ഭാഗം 2016-17ൽ പൂർത്തിയാക്കത്തക്ക വിധം ദ്വിവർഷ പ്രോജക്ടായി ഏറ്റെടുക്കാമെന്നാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ 2016-17ലേയ്ക്ക് അധിക ബാക്കി വരത്തക്ക വിധം വളരെ വലിയ തുകകൾ 2016-17 വർഷത്തേയ്ക്ക് വകയിരുത്തിക്കൊണ്ട് പദ്ധതികൾ രൂപീകരിക്കുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ പ്രവണത നിയന്ത്രിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡി.പി.സി. അദ്ധ്യക്ഷന്റെയും കത്ത് ലഭിച്ചിരുന്നു. ഈ വിഷയം കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയുണ്ടായി. 2015-16,സ 2016-17 വർഷത്തേയ്ക്ക് പദ്ധതികൾ രൂപീകരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ദ്വിവർഷ പ്രോജക്ടുകളുടെ 85% തുകയെങ്കിലും 2015-16 വർഷത്തിൽ വകയിരുത്തേണ്ടതാണെന്നും 15% അധികരിക്കാത്ത തുക മാത്രമേ 2016-17 ലേയ്ക്ക് വകയിരുത്താവൂ എന്നും നിശ്ചയിച്ചു.

**2.3** 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ചുകൊണ്ട് ധനവകുപ്പിൽ നിന്ന് 13.02.2015ലും 28.03.2015 ലുമായി രണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചതു പ്രകാരം വിവിധ ട്രഷറികൾ വ്യത്യസ്ഥ രീതിയിൽ ക്രെഡിറ്റ് നൽകിയതു മൂലമുണ്ടായ സങ്കീർണതകൾ ഇപ്പോഴും പരിഹരിച്ചിട്ടില്ലെന്ന് യോഗം നിരീക്ഷിച്ചു. തന്നിമിത്തം 2014-15 വർഷത്തെ കണക്കുകൾ ക്രമപ്പെടുത്താൻ കഴിഞ്ഞിട്ടി ല്ലെന്നും അതിനാൽ 2015-16 വർഷ പദ്ധതി ആസൂത്രണസമിതിക്ക് സമർപ്പിക്കാൻ കഴിയുന്നില്ലെന്നും അമ്പലപ്പുഴ, കാട്ടൂർ തുടങ്ങിയ ഗ്രാമപഞ്ചായ ത്തുകളിൽ നിന്ന് അറിയിച്ചിട്ടുണ്ട്. അതിനാൽ 2014-15-ലെ വ്യത്യാസം നിലനിർത്തിക്കൊണ്ട് തന്നെ 2015-16 വാർഷിക പദ്ധതി സമർപ്പിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന തരത്തിൽ സോഫ്ട്വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്താൻ ഐ.കെ.എം.ന് നിർദ്ദേശം നൽകി. ഇപ്രകാരമുള്ള സ്ഥിതിവിശേഷം നേരിടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ഐ.കെ.എംന് റിപ്പോർട്ട് അയച്ച് പ്രശ്നം പരിഹരിക്കേണ്ടതാണെന്നും യോഗം നിർദ്ദേശിച്ചു.

2.4 ഐ.എ.വൈ. പദ്ധതിയിൽ മുമ്പ് ഭവന നിർമ്മാണത്തിന് തെരഞ്ഞെടുത്തതും എന്നാൽ നിർമ്മാണം പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കൾക്ക് ശേഷിച്ച ഗഡുക്കൾ വിർദ്ധിച്ച നിരക്കിൽ അനുപാതികമായി പ്ലാൻ ഫണ്ടിൽ നിന്നും നൽകാൻ ബ്ലോക്ക് പഞ്ചായത്തുകളെ അനുവദിച്ചു തീരുമാനിച്ചു.

2.5 ഗ്രാമപഞ്ചായത്തുകളിലെ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ബി.എസ്.എൻ.എലിന്റെ 500 രൂപയിൽ കവിയാത്ത പ്ലാനിൽ നെറ്റ് സെറ്ററോ വി.പി.എൻ.എക്സ്റ്റെൻഷനോ ക്രമീകരിച്ച് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

2014-15 വാർഷിക പദ്ധതിയിൽ 88.15 ലക്ഷം രൂപ അടങ്കലിൽ ഏറ്റെടുത്ത ചുങ്കത്തറ സി.എച്ച്.സിയിലെ സമഗ്ര മാതൃശിശു സംരക്ഷണകേന്ദ്രം നിർമ്മാണത്തിന് പ്രീക്വാളിഫിക്കേഷൻ നടപടി ഒഴിവാക്കി മാന്വൽ ടെണ്ടർ നടത്തിയ നടപടിക്ക് അംഗീകാരം നൽകണമെന്ന ആവശ്യത്തിൽ എൽ.എസ്.ജി. ഡി.ചീഫ് എഞ്ചിനീയറുടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

സ്നേഹതീരം ബാക്ക് ടു ലൈഫ് സൊസൈറ്റി, ചുങ്കത്തറ എന്നതിനെ സർക്കാർ അംഗീകൃത ഏജൻസിയായി പ്രഖ്യാപിക്കണമെന്ന ആവശ്യം ഇതിനായിട്ടുള്ള കമ്മിറ്റി മുമ്പാകെ സമർപ്പിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 മേലടി ബ്ലോക്ക് പഞ്ചായത്ത്

ബ്ലോക്ക് പരിധിയിലെ കീഴരിക്കൽ ഗ്രാമപഞ്ചായത്തിലെ കൊല്ലർകണ്ടി മുറിത്താണ്ടിമുക്ക് കനാൽ റോഡിന് പ്ലാൻ ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ നൽകാൻ അനുവദിക്കണമെന്ന ആവശ്യം ഇറിഗേഷൻ വകുപ്പിൽ നിന്ന് അനുവാദം ലഭ്യമാക്കിയശേഷം ബ്ലോക്ക് പഞ്ചായത്ത് തന്നെ നേരിട്ട് നടപ്പിലാക്കണം എന്ന വ്യവസ്ഥയ്ക്കു വിധേയമായി അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

പിണറായി ഗ്രാമപഞ്ചായത്തിലെ എരുവട്ടി ദേശത്ത് പ്രീമെട്രിക് ഹോസ്റ്റൽ പണിയാനായി വാങ്ങിയ സ്ഥലത്ത് നിർമ്മിച്ച 5 വീടുകൾ പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾക്ക് നൽകാൻ അനുവദിക്കണമെന്ന ആവശ്യം ഗുണഭോക്താക്കൾ ഗ്രാമസഭ തെരഞ്ഞെടുത്തവരായിരിക്കണമെന്ന വ്യവസ്ഥയ്ക്കു വിധേയമായി അംഗീകരിച്ചു .

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.5 കുമ്പള ഗ്രാമപഞ്ചായത്ത് (ബഹു. എം.എൽ.എ. ശ്രീ അബ്ദുൽ റസാക്ക് മുഖേന

ശില്പോദ്യാനം എന്ന ഉളുവാർ പെഡഗോജിക് പാർക്ക് നിർമ്മാണം 2014-15 വർഷം ക്വട്ടേഷൻ വ്യവസ്ഥയിൽ നടത്താൻ അനുവാദം നൽകിയത് 2015-16 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പൂവച്ചൽ ഗ്രാമപഞ്ചായത്ത്**

2013-14 വർഷം വൃദ്ധജനങ്ങൾക്ക് ചാരുകസേര വാങ്ങി നൽകിയത് സാധൂകരിക്കാവുന്നതല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

സാന്ത്വനം പ്രോജക്ടിന്റെ ഭാഗമായി അടൂർ ശിശു കൗമാര വികസന സെന്ററിൽ പ്രവർത്തിക്കുന്ന ഫിസിയോ തെറാപ്പിസ്റ്റിന് മാത്രം പ്രോജക്ടിന്റെ ഭാഗമായി 1500 രൂപ ദിവസ വേതനം സേവനം പ്രധാനം ചെയ്യുന്ന ദിവസങ്ങളിലേയ്ക്ക് പരിമിതപ്പെടുത്തി നൽകാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ചെറുവത്തൂർ ഗ്രാമപ ഞ്ചായത്ത് (ബഹു. എം.പി. ശ്രീ.പി. കരുണാകരൻ മുഖേന)**

ചെറുവത്തൂർ റെയിൽവേ സ്റ്റേഷനിലെ ഫുട് ഓവർബ്രിഡ്ജ് വിപുലീകരണത്തിന് 50000 രൂപ സെന്റേജ് ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് റെയിൽവേയ്ക്ക് അടയ്ക്കുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

2015-16 വാർഷിക പദ്ധതിയിൽ തരിശു ഭൂമിയിൽ നെൽക്കൃഷി എന്ന പദ്ധതി നടപ്പിലാക്കുന്നതിന് വിത്തിന് 100% വും ജൈവവളത്തിന് 75%വും നിരക്കിൽ സബ്സിഡി നൽകാനും കൂലിച്ചെലവ് ഹെക്ടറിന് 6000 രൂപ നൽകാനും അനുവദിക്കണമെന്ന ആവശ്യം പരിശോധിക്കുകയും മാർഗരേഖപ്രകാരമുള്ള സബ്സിഡി മാത്രം അനുവദിച്ചാൽ മതിയെന്നു നിർദ്ദേശിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 തൃക്കടവൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.219/എഫ്.എ2/219/2015/തസ്വഭവ)**

പഞ്ചായത്തിന്റെ ചരിത്രവും സാംസ്ക്കാരിക പാരമ്പര്യവും ഉൾപ്പെടുത്തിയുള്ള സ്മരണിക പ്രസിദ്ധീകരണം 13.05.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ച ഡോക്യുമെന്റേഷന്റെ ഭാഗമായി നടത്തിയാൽ മതിയെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് (ഫയൽ നം.267ഡി.എ2/219/2015/തസ്വഭവ)**

2015-16 വാർഷിക പദ്ധതിയിയിൽ മഴവെള്ള സംഭരണത്തിന് 300 ലിറ്റർ ടാങ്കും മഴവെള്ളം ടാങ്കിലേക്ക് ഒഴുക്കുന്നതിന് പ്ലാസ്റ്റിക് ഷീറ്റും യൂണിറ്റ് ഒന്നിന് 2500 രൂപയിൽ കവിയാതെ ക്രമത്തിൽ 215 പട്ടികജാതി കുടുംബങ്ങൾക്ക് 75% സബ്സിഡിയോടെ വിതരണം ചെയ്യാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 തൃശൂർ ജില്ലാ പഞ്ചായത്ത് (ഫയൽ ഡി.ബി.3/119/15/തസ്വഭവ)**

ജില്ലയിലെ ഏകദേശം 400 ക്ഷയരോഗികൾക്ക് ആറുമാസക്കാലം പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി ജില്ലാ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാൻ അനുവദിച്ചു തീരുമാനിച്ചു. ഭക്ഷ്യധാന്യങ്ങൾ വാങ്ങി നൽകുന്നതിനു പകരമായി പണം നൽകാവുന്നതല്ലെന്നും നിർദ്ദേശിച്ചു. ഗുണഭോക്താക്കളുടെ ലിസ്റ്റ് ടി.ബി സെന്ററിലും ജില്ലാ പഞ്ചായത്തിലും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കുമളി ഗ്രാമപഞ്ചായത്ത് (ഫയൽ ഡി.ബി3/139/15/തസ്വഭവ)**

പഞ്ചായത്തിന്റെ ബൊലേറോ വാഹനം പാലിയേറ്റീവ് കെയറിന് നൽകി പുതിയ വാഹനം വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടത് നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കണ്ണൂർ ജില്ലാപഞ്ചായത്ത് (ഫയൽ ഡി.ബി3/115/തസ്വഭവ)**

ചൊവ്വ സഹകരണ സ്പിന്നിംഗ് മില്ലിലെ 90 സ്ത്രീതൊഴിലാളികൾക്ക് യൂണിഫോം വാങ്ങി നൽകുന്ന പദ്ധതി നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 തൃക്കടവൂർ ഗ്രാമപഞ്ചായത്ത് (ഫയൽ ഡി.ബി1/137/15/തസ്വഭവ)**

8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന ഗ്രാമപഞ്ചായത്തിലെ എല്ലാ എസ്.സി. വിദ്യാർത്ഥികൾക്കും സൈക്കിൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 നെന്മണിക്കര ഗ്രാമപഞ്ചായത്ത് (ഫയൽ ഡി.എ2/272/15/തസ്വഭവ)**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ 1 മുതൽ 5 വരെ പ്രായമുള്ള പെൺകുട്ടികൾക്കായി ദീർഘകാലാടിസ്ഥാനത്തിൽ സാമ്പത്തിക സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന സൗഭാഗ്യവതി പദ്ധതിക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്**

2015-16 വാർഷിക പദ്ധതിയിൽ നെൽക്കൃഷി പ്രോത്സാഹനത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള മെതിക്കളം പ്രോജക്ടിന് കോഡ് നൽകാൻ ആവശ്യപ്പെട്ടത് ഇതിനോടകം നൽകി കഴിഞ്ഞതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്**

2014-15 വർഷം 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ അനുവദിച്ചതിലും കൂടുതൽ തുക പിൻവലിച്ചത് ക്രമപ്പെടുത്തി നൽകണമെന്ന ആവശ്യത്തിന്മേൽ പൊതു വിഷയങ്ങൾ ഇനം 2.3 ബാധകമാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ കത്ത്**

ഇടുക്കി ജില്ലയിൽ ജവഹർ ഭവന പദ്ധതി നടപ്പാക്കുന്നതിന് എടുക്കുന്ന വായ്പയുടെ തിരിച്ചടവ് 30 ശതമാനമായി വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിശോധിച്ചു. അനിവാര്യ വകയിരുത്തലുകൾക്ക് ശേഷം 30% തുക ഭവന പദ്ധതിക്ക് തിരിച്ചടയ്ക്കാൻ അനുവദിച്ചാൽ മറ്റ് വികസന പദ്ധതി ഏറ്റെടുക്കാൻ പൊതു വിഭാഗം ഫണ്ടിൽ ലഭ്യമായ തുക വളരെ പരിമിതമായിരിക്കുമെന്നതിനാൽ പ്രസ്തുത ആവശ്യം അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.ഡി.ഡി.1/201/15)**

പൊതു വിഷയങ്ങൾ ഇനം 2.4 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ കത്ത് (ഫയൽ നം.ഡി.ഡി.2/191/15)**

വേതന വിതരണം ഉറുപ്പു വരുത്തുന്നതിന് തനത് ഫണ്ട് ലഭ്യമായിട്ടുള്ള പഞ്ചായത്തുകളിൽ നിന്നും ടി ഫണ്ടോ തനത് ഫണ്ട് ലഭ്യമല്ലാത്ത പഞ്ചായത്തുകളിൽ നിന്ന് പ്ലാൻ ഫണ്ടോ വകമാറ്റി തൊഴിലുറപ്പു ഫണ്ടിൽ നിക്ഷേപിക്കണമെന്ന മിഷൻ ഡയറക്ടറുടെ ആവശ്യം ഇപ്പോൾ പ്രസക്തമല്ലെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചതിനാൽ നടപടി കൈക്കൊള്ളേണ്ടതില്ല എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.ഡി.ഡി.2/205/15)**

2014–15 വാർഷിക പദ്ധതിയിൽ പട്ടികജാതിക്കാരായ യുവജനങ്ങളുടെ ഉന്നമനത്തിനായി വകയിരുത്തിയ 2244000 രൂപ വിനിയോഗിച്ച് +1, +2 വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 കോട്ടയം ജില്ലാ കളക്ടറുടെ കത്ത്**

തെരുവുനായ്ക്കളുടെ നിയന്ത്രണം ലക്ഷ്യമാക്കി ജില്ലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ABC-AR (Animal Birth Control – Anti Rabies) പരിപാടി അധിക തസ്തികകൾ സൃഷ്ടിക്കാതെയും ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സംയുക്തമായി നടപ്പാക്കാനുള്ള സാദ്ധ്യത ആരായാൻ നിർദ്ദേശിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 റെയ്ഡ്കൊ മാനേജിംഗ് ഡയറക്ടറുടെ കത്ത്**

വാട്ടർ പൂരിഫയർ പ്ലാന്റ് സ്ഥാപിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ തുക നൽകാൻ അനുവദിക്കണമെന്ന ആവശ്യം പരിശോധിക്കുകയും ഇതേ ആവശ്യത്തിന് മുമ്പ് കേരള വനിത വികസന കോർപ്പറേഷന് അനുവാദം നൽകിയതു പ്രകാരം അവരുടെ പ്രവർത്തന മികവ് വിലയിരുത്തിയശേഷം മാത്രം മറ്റു സ്ഥാപനങ്ങളുടെ ആവശ്യം പരിഗണിച്ചാൽ മതി എന്നും തീരുമാനിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്**

നരുവാമൂട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ തനത് ഫണ്ട് ഉപയോഗിച്ച് സ്ഥലം വാങ്ങി നൽകാൻ അനുവദിക്കണമെന്ന ആവശ്യം തനത് ഫണ്ട് ഉപയോഗിക്കണമെന്ന വ്യവസ്ഥയിൽ ഇതിനുള്ള കമ്മിറ്റിയുടെ മുമ്പാകെ ഉന്നയിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 ഹോപ്കോ മാനേജിംഗ് ഡറക്ടറുടെ കത്ത്**

മണ്ണിര കമ്പോസ്റ്റ്, പച്ചക്കറി തൈകൾ എന്നിവയുടെ ഉത്പാദനവും വിതരണവും നടത്തി വരുന്ന വയനാട് ജില്ലയിൽ പനമരത്ത് പ്രവർത്തിക്കുന്നതുമായ ഹോപ്കോ എന്ന സ്ഥാപനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉത്പ്പന്ന വിതരണം നടത്തുന്നതിനുള്ള അക്രഡിറ്റേഷൻ ആവശ്യപ്പെട്ടതു സംബന്ധിച്ച് വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 ആയഞ്ചേരി ഗ്രാമപഞ്ചായത്ത്**

ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ വാഹനം മോഷണം പോകുകയും ഇതു സംബന്ധിച്ച് പോലീസ് കേസ് ഉള്ള സാഹചര്യത്തിൽ പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കത്ത്**

പൊതു തീരുമാനം ഇനം 2.5 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം ഉച്ചയ്ക്ക് ശേഷം 3 മണിക്ക് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 17.06.2015-ന് രാവലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**